**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3921

24.06.2014 ൽ മറുപടിക്ക്

**വാൻ(ഡബ്ല്യൂ.എ.എൻ) പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. മുരളീധരൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ആർ. സെൽവരാജ്**<br>**ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) വാൻ (ഡബ്ല്യൂ.എ.എൻ) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | KSWAN, SECWAN, DEPTWAN മുതലായ പദ്ധതികളിലൂടെ ഗവൺമെന്റ് ഓഫീസുകളെ ഒരു നെറ്റ് വർക്ക് ശൃംഖലയിലേക്ക് ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. സംസ്ഥാനത്ത് KSWAN (കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് ) എന്ന പദ്ധതി ജൂൺ 2008 മുതൽ പ്രവർത്തിച്ച വരുന്നു. ഇത് പ്രകാരം 14 ജില്ലാ ആസ്ഥാനങ്ങളിലും 152 ബ്ലോക്ക് ഓഫീസുകളിലും, 63 മിനി സിവിൽ സ്റ്റേഷനുകളിലും KSWAN POP (Point of Presence) സ്ഥാപിച്ചിട്ടുണ്ട് . ടി സ്ഥലങ്ങളിൽ നിന്ന് 3245 സർക്കാർ ഓഫീസുകളിൽ KSWAN കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ (SDC) സ്ഥാപിച്ചിട്ടുള്ള സെർവറുകളിൽ നിന്നും വിവിധ വകുപ്പുകൾക്ക് അതിവേഗ ഡാറ്റാ ട്രാൻസ്ഫർ, വീഡിയോ കോൺഫറൻസിങ്, വോയിസ് സർവീസുകൾ സർക്കാർ വെബ് സൈറ്റ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുക, വിവിധ ഡിപ്പാർട്ട്മെന്റുകളെ സുരക്ഷിതമായ ഒരു നെറ്റ് വർക്കിൻ കീഴിൽ കൊണ്ടു വരുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| സി) വിവിധ സർക്കാർ ഓഫീസുകൾക്ക് യഥേഷ്ടം വീഡിയോ കണക്റ്റിവിറ്റി സാദ്ധ്യമാക്കാനും ഒരേ കെട്ടിട സമുച്ചയത്തിലെ വിവിധ | (സി) | തിരുവനന്തപുരത്ത് വികാസ് ഭവനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകൾ തമ്മിൽ ഓപ്റ്റിക്കൽ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട് . ഇതിലേക്കായി പ്രത്യേക നെറ്റ് വർക്ക് കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പബ്ലിക് ഓഫീസിലും ഇതിന്റെ പണി പൂർത്തികരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | വകുപ്പുകളെ ഓപ്റ്റിക് ശൃംഖല വഴി ബന്ധിപ്പിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | | എല്ലാ മിനി സിവിൽ സ്റ്റേഷനുകളിലും 100mbps ' ലാൻ (LAN) വഴി ഓഫീസുകൾ ബന്ധിപ്പിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിങ് സംവിധാനം എല്ലാ സിവിൽ സ്റ്റേഷനുകളിലും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | എല്ലാ ഓഫീസ് സമുച്ചയങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്രധാന ഓഫീസ് സമുച്ചയങ്ങളായ വികാസ് ഭവൻ, പബ്ലിക്ക് ഓഫീസ് എന്നിവടങ്ങളിൽ ഡിപ്പാർട്ട്മെന്റ് വാൻ പദ്ധതി നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വികാസ് ഭവനിൽ പദ്ധതി നടപ്പിലാക്കി. പബ്ലിക്ക് ഓഫീസിലെ പണി അന്തിമ ഘട്ടത്തിലാണ്. സെക്രട്ടേറിയറ്റിലെ സെക് വാൻ പദ്ധതി നടപ്പാക്കി വരുന്നു. കേരളത്തിലെ 14 സിവിൽ സ്റ്റേഷനുകളിലെ ഓഫീസുകൾ ഒപ്റ്റിക്കൽ ശൃംഖല വഴി KSWAN മായി ബന്ധിപ്പിക്കാനുള്ള നടപടികൾ തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ